# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1621** **07/03/2018-ലെ മറുപടി**

## <u>പറമ്പിക്കുളം - ആളിയാർ പദ്ധതി</u>

**ചോദ്യം** **ഉത്തരം**

**ശ്രീ. വി.ടി.ബൽറാം**
**ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. കെ.സി. ജോസഫ്**
**ശ്രീ. ഷാഫി പറമ്പിൽ**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

എ) പറമ്പിക്കുളം -ആളിയാർ പദ്ധതിയിൽ നിന്ന് ചിറ്റൂർ പുഴയിലേയ്ക്ക് ജലം നിഷേധിച്ച തമിഴ്നാടിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ;

എ) കരാർ പ്രകാരം പൂർണ്ണ തോതിൽ ജലം കിട്ടിയില്ല എന്നതു ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംയുക്ത ജലക്രമീകരണ ബോർഡിന്റെയും, സംസ്ഥാന സെക്രട്ടറിമാരുടെയും യോഗങ്ങൾ ചേർന്നു. കൂടാതെ മുഖ്യമന്ത്രി തലത്തിൽ തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും ദക്ഷിണ സംസ്ഥാനങ്ങളുടെ ആദ്യത്തെ സമ്മേളനത്തിൽ പ്രശ്നം ഉന്നയിക്കുകയും ചെയ്തു. ആയതു കൊണ്ട് ചിറ്റൂർ പുഴയിലേയ്ക്ക് ജലം ഇപ്പോൾ ലഭിക്കുന്നുണ്ട്.

ബി) മുൻകൂട്ടി നിശ്ചയിച്ചിരുന്ന സെക്രട്ടറി തല ചർച്ചയിൽ നിന്ന് തമിഴ്നാട് ഏകപക്ഷീയമായി പിൻമാറിയ സാഹചര്യമെന്തായിരുന്നു;

ബി) 19/01/2018-ൽ തിരുവനന്തപുരത്ത് നടന്ന സെക്രട്ടറി തല ചർച്ചയെ തുടർന്ന് തുടർ ചർച്ച ഫെബ്രുവരി രണ്ടാം വാരം ചെന്നൈയിൽ വച്ച് നടത്താമെന്ന് ധാരണയായിരുന്നു. എന്നാൽ ചില അസൗകര്യങ്ങൾ കാരണം ഫെബ്രുവരി 2-ാം വാരത്തിൽ നടത്താനിരുന്ന ചർച്ച മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടിരുന്നു. സെക്രട്ടറി തല തുടർ ചർച്ച ഉടൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സി) കരാർ പ്രകാരം എത്ര റ്റി.എം.സി ജലമാണ് കേരളത്തിന് തമിഴ്നാട് നൽകേണ്ടത് ; 2016-ലും 2017-ലും എത്ര

സി) പി.എ.പി കരാർ പ്രകാരം ഒരു ജലവർഷം അതായത് ജൂലൈ 1 മുതൽ ജൂൺ 30 വരെ മണക്കടവ് വിയറിൽ 7250 എം.സി.

റ്റി.എം.സി ജലം നൽകി ;

എഫ്.ടി.യും, കേരള ഷോളയാറിൽ 12300 എം.സി.എഫ്.ടി.യുമാണ് കേരളത്തിന്റെ ജല വിഹിതം. കൂടാതെ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാറിലെ തനതു നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. കരാർ പ്രകാരം ഇതിന്റെ അളവ് നിജപ്പെടുത്തിയിട്ടില്ല. ഇത് കേരളത്തിന് ലഭിക്കുന്നുണ്ട്. ഇതിനു പുറമെ പറമ്പിക്കുളം സിസ്റ്റം (പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം) ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും വിടേണ്ടതാണ്. എന്നാൽ 2015 - 16, 2016 - 2017 ജല വർഷങ്ങളിൽ തനത് നീരൊഴുക്ക് 16350 എം.സി.എഫ്.ടി. എന്ന പരിധി കടന്നിട്ടില്ല.

കേരളത്തിന് പി.എ.പി യിൽ നിന്നും 2015 - 16, 2016 - 17 ജല വർഷങ്ങളിൽ ലഭിച്ച ജലത്തിന്റെ അളവ് കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| **ജല വർഷം** | **കേരള ഷോളയാർ** അളവ് എം.സി.എഫ്.റ്റി യിൽ | **മണക്കടവ് വിയർ** അളവ് എം.സി.എഫ്.റ്റി യിൽ | **അപ്പർ നീരാർ വിയർ** അളവ് എം.സി.എഫ്.റ്റി യിൽ |
|---|---|---|---|
| 2015 -16 | 11114 | 7292 | 1131 |
| 2016 -17 | 8204 | 4378 | 665 |

ഡി) സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം വിട്ടുകിട്ടുന്നതിനു മുഖ്യമന്ത്രിതല ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഡി) ആവശ്യാനുസരണം നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**